**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **08-10-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി നടത്തുന്ന പ്രത്യേക സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, എന്നീ സ്ഥാപനങ്ങളും തിരുവനന്തപുരത്തെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും അനുബന്ധ സെന്ററുകളും, തിരുവനന്തപുരം ജില്ലയിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയും ടൂറിസം മേഖലയിൽ പരിശീലനം നൽകുന്നതിന് പ്രവർത്തിക്കുന്നു.<br><br>ഈ സ്ഥാപനങ്ങൾ മുഖേനെ ടൂറിസം മേഖലയിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനുള്ള പരിശീലനം നൽകുകയും, ഹോസ്പിറ്റാലിറ്റി മേഖലയോടുള്ള സമീപനം മെച്ചപ്പെടുത്തുകയും, പരിശീലനം നല്കി വരുകയും ചെയ്യുന്നു. ഡിഗ്രി കോഴ്സുകൾ, വിവിധ ഡിപ്ലോമ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, കേന്ദ്ര ടൂറിസം വകുപ്പിന്റെയും കേരള ടൂറിസം വകുപ്പിന്റെയും വിവിധ ട്രെയിനിങ് പ്രോഗ്രാമുകൾ എന്നിവ ഈ സ്ഥാപനങ്ങൾ നടത്തി വരുന്നു.<br><br>കണ്ണൂർ ജില്ലയിൽ പ്രവത്തിച്ചുവരുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിലവിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത B.Sc Hotel Management & Catering Science കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് താഴെപറയുന്ന മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 1. Food production (Cooking & Culinary Arts)<br><br>2. Food & Beverage Service<br><br>3. Front Office Management<br><br>4. House keeping<br><br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിൽ (9 മാസം ഇൻസ്റ്റിറ്റ്യൂട്ട് തല പരിശീലനം, 3 മാസം വ്യാവസായിക പരിശിലനം) വിദഗ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ അഭ്യസ്ത വിദ്യരായ യുവതി യുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്നു.<br><br>കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ ഹോസ്പിറ്റാലിറ്റി മേഖലയിൽ വനിതകൾക്ക് പ്രത്യേകമായി Women Empowerment Schemeന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ Traditional Snack & Savory Maker, Multi Cuisine Cook എന്നീ ഹ്രസ്വകാല കോഴ്സുകളിൽ സ്കിൽ പരിശീലനം നൽകുന്നുണ്ട് .<br><br>കേരള യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള എം.ബി.എ ട്രാവൽ ആൻഡ് ടൂറിസം, മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മന്റ്, ബി.ബി.എ ടൂറിസം മാനേജ്മന്റ്, ബികോം ട്രാവൽ ആൻഡ് ടൂറിസം എന്നീ കോഴ്സുകളും, സർക്കാരിന്റെ സാമ്പത്തിക സഹകരണത്തോടെ 30 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾക്കായി ആറു മാസം നീണ്ടുനിൽക്കുന്ന മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് പ്രോഗ്രാം, ഒരു വർഷം കാലാവധിയുള്ള പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് കോഴ്സുകളും, ടൂറിസം അനുബന്ധ മേഖലകളിൽ തൊഴിൽ നേടുവാനുതകുന്ന വിധം നൈപുണ്യ വികസനത്തിലൂന്നിക്കൊണ്ട് "ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മന്റ്, അയാട്ട ഏവിയേഷൻ കോഴ്സുകൾ, അഡ്വെഞ്ചർ ടൂറിസം ആക്ടിവിറ്റി അസിസ്റ്റന്റ് പരിശീലനം, നേച്ചർ ഇന്റെർപ്രെറ്റർ പരിശീലനം, ടൂറിസ്റ്റ് ഗൈഡ് പരിശീലനം, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്കുള്ള പരിശീലനം, ഫ്രണ്ട് ഓഫീസ് പരിശീലനം, ഹൗസ് കീപ്പിങ് പരിശീലനം" എന്നിവയും നടത്തി വരുന്നു. |
| (ബി) | വിദേശഭാഷാ പരിജ്ഞാനം, ട്രാവൽ ഗൈഡ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ മേഖലകളിൽ | (ബി) | വിദേശഭാഷാ പരിജ്ഞാനം, ട്രാവൽ ഗൈഡ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ മേഖലകളിൽ |

| | | |
|---|---|---|
| | യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി (IHMCT) എന്നീ സ്ഥാപനങ്ങൾ മുഖേന ബിരുദ/ ഡിപ്ലോമ/സ്കിൽ പരിശീലന കോഴ്സുകൾ നടത്തി വരുന്നുണ്ട്.<br><br>വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ ലോകോത്തര നിലവാരത്തിലുള്ള അറിവ് പകർന്നു നൽകുന്നതിനും നിലവിലെ സാധ്യതകൾക്കനുസരിച്ച് പഠനം പൂർത്തിയാക്കുന്നതിനുമായുള്ള സിലബസാണ് സജ്ജീകരിച്ചിട്ടുള്ളത്. വിദേശ ഭാഷ പരിജ്ഞാനം നൽകുന്നതിനായി വിദേശ ഭാഷകൾ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വിദ്യാർത്ഥികളെ ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ സൂപ്പർവൈസർ നിലവാരത്തിൽ വാർത്തെടുക്കുവാൻ ബിരുദ /ഡിപ്ലോമ കോഴ്സുകൾ വഴി സാധിക്കുന്നതാണ് .<br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തുന്ന സ്കിൽ പരിശീലനങ്ങൾ(Traditional Snack & Savory Maker, Multi cuisine Cook, etc) ഹോട്ടൽ/ ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ ജോലിചെയ്യുന്നവരുടെ സ്കിൽ മെച്ചപ്പെടുത്തുന്നതിനായി മേൽ സ്ഥാപനങ്ങൾ വഴി നടത്താറുണ്ട്.<br><br>വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ തരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാനതല, പ്രാദേശിക തല ടൂറിസ്റ്റ് ഗൈഡുകൾക്കും മുസിരിസ് പ്രോജക്ടിന് കീഴിലുള്ള ഗൈഡുകൾക്കും കേരള ഇൻസ്റ്റ്യൂട്ട് ടൂറിസം ആൻഡ് ട്രാവൽസ് സ്റ്റഡീസ് മുഖേന പരിശീലനം നൽകി ടൂർ ഗൈഡ് ലൈസൻസ് അനുവദിക്കുകയും, ലൈസൻസ് നേടിയ ഗൈഡുകൾക്ക് ഓരോ മൂന്നുവർഷം കൂടുമ്പോഴും കിറ്റ്സ് മുഖാന്തിരം മൂന്നു ദിവസത്തെ റിഫ്രഷർ ട്രൈനിങ്ങിന്റെ അടിസ്ഥാനത്തിൽ ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് പുതുക്കി നൽകുകയും ചെയ്തു വരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയിൽ ഫ്രണ്ട് ഓഫീസ് പരിശീലനം, ഹൗസ് കീപ്പിങ് പരിശീലനം എന്നിവ കിറ്റ്സ് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കിറ്റ്സിലെ വിദ്യാർത്ഥികൾക്ക് ജർമൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യം നേടുവാനായി ഹ്രസ്വകാല പരിശീലനം നൽകുന്നുണ്ട്. കിറ്റ്സ് വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുവാനുള്ള ലാംഗ്വേജ് ലാബ് കിറ്റ്സിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി (IHMCT) എന്നീ സ്ഥാപനങ്ങളിലെ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിനും ഹോസ്പിറ്റാലിറ്റി മേഖലയിൽ ലോകോത്തര നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ലഭിച്ചുവരുന്നുണ്ട് . ഇതിനായി ടൂറിസം വ്യവസായ മേഖലയുമായി സഹകരിച്ച് ക്യാമ്പസ് റിക്രൂട്ട്മെന്റ് പരിപാടികൾ അടക്കം സംഘടിപ്പിക്കുന്നു.<br><br>ടൂറിസം മേഖലയിൽ തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിന് എയർപോർട്ട് ഓപ്പറേഷൻ ലോജിസ്റ്റിക് മാനേജ്മന്റ് എന്നീ മേഖലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പഠന പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. സ്വകാര്യ പ്രൊഫഷണൽ ബോഡികളുമായി ചേർന്ന് ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലകളിൽ ഹ്രസ്വകാല പരിശീലന പരിപാടികളും കിറ്റ്സ് നടത്താറുണ്ട് . |
| (ഡി) | ഹോം സ്റ്റേ, കലാ-സാംസ്കാരിക പരിപാടികൾ, പ്രാദേശിക ഭക്ഷ്യോല്പന്ന വിപണനം തുടങ്ങിയവ വഴി ഗ്രാമീണ മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാനുള്ള പദ്ധതികൾ വിശദമാക്കാമോ? | (ഡി) | ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ, അയൽക്കൂട്ടം പോലുള്ള സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കായി “Entrepreneurship Development Program” കിറ്റ്സുമായി (കേരള ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ്) സഹകരിച്ച് KIHM നടത്തുന്നുണ്ട്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കുടുംബശ്രീ അംഗങ്ങൾക്കും മറ്റും ഹോസ്പിറ്റാലിറ്റി മേഖലയിൽ മികച്ച പരിശീലനം നൽകുവാൻ സാധിക്കുന്നുണ്ട്.<br><br>ഹോം സ്റ്റേ മേഖലയിലും ടൂറിസം സുവനീറുകൾ നിർമ്മിക്കുന്ന മേഖലയിലും ഭക്ഷ്യോൽപ്പന്ന മേഖലയിലും സംരംഭകത്വ വികസന പരിപാടികളും പരിശീലനവും കിറ്റ്സ് നടത്താറുണ്ട്. അത് ഗ്രാമീണ മേഖലകളിൽ തൊഴിൽ-വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിന് ഉതകുന്നവയാണ് . ഇത് കൂടാതെ വനമേഖലകളിൽ ജീവനോപാധികൾ |

| | | | |
|---|---|---|---|
| | | | നേടുവാനുതകുന്ന ഹോസ്പിറ്റാലിറ്റി/ഇന്റെർപ്രെറ്റർ പരിശീലന പരിപാടികളും കിറ്റ്സ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ